1. തിരുവനന്തപുരം :—കോവളം, പൂന്തുറ. പനത്തറക്കര, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, താഴംപള്ളി, പാപനാശം, കാപ്പിൽ.

2. കൊല്ലം :—വെള്ളാനതുരുത്ത്, പണിക്കരുകടവ്, ചവറ, ചെറിയഴീക്കൽ, ആലപ്പാട്, പല്ലന, എടവ, താന്നി, മരത്തടി.

3. ആലപ്പുഴ :—തോട്ടപ്പള്ളി, അമ്പലപ്പുഴ, പുന്നപ്ര, ആറാട്ടുപുഴ, തൃക്കുന്നപുഴ, ബ്രാക്കിക്കാട്, പെരുംപള്ളി, കള്ളിക്കാട്.

4. എറണാകുളം :—ചെല്ലാനം, കണ്ണമാലി, കണ്ടക്കോട്, വൈപ്പിൻ.

5. തൃശ്ശൂർ കടപ്പുറം പഞ്ചായത്തിലെ ചേറ്റുവ അഴി.

6. മലപ്പുറം :—പൊന്നാനി, കടലുണ്ടി നഗരം.

7. കോഴിക്കോട് :—വട്ടപറമ്പ്, ഏലത്തൂർ, കൊല്ലം ബീച്ച്, മടപ്പള്ളി, പുറംകര.

8. കണ്ണൂർ :—എട്ടിക്കുളം, പുതിയങ്ങാടി മാട്ടൂൽ, അഴിക്കൽ.

9. കാസർക്കോട് :—മഞ്ചേശ്വര, ബന്ദിക്ക, ചിറ്റാരി, ബേക്കൽ, കോട്ടിക്കുളം, പള്ളിക്കര, മാവില കടപ്പുറം.

(ബി) ഉണ്ട്.

(സി) (ഡി) കടലാക്രമണം മൂലം നഷ്ടപ്പെട്ട വീടുകളുടെ എണ്ണം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലം സംസ്ഥാനത്ത് മൊത്തം 2,70,326 വീടുകൾ പൂർണ്ണമായും 2,08,188 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്. കടലാക്രമണംമൂലം കടൽഭിത്തികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം 16 കോടി രൂപ എന്നാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്.

കടലാക്രമണം തടയുന്നതിന് കേന്ദ്രത്തിൽ നിന്ന് ധനസഹായം

1328. [1799] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തിക വർഷത്തിൽ കടലാക്രമണം തടയുന്നതിനു വേണ്ടി കേന്ദ്രത്തിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 235.49 ലക്ഷം രൂ.

കൊടുങ്ങല്ലൂരിലെ കടൽഭിത്തി നിർമ്മാണം

1329. [1800] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് ഏതെല്ലാം വർക്കുകളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ബി) അവയ്ക്ക് ഓരോന്നിനും എത്ര സംഖ്യ വീതം ചെലവ് വരും ;

(സി) ഇവയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കും ;

(ഡി) ഏരിയാട് അനുവദിച്ച വർക്കിൽ ഇനി ടെണ്ടർ ചെയ്യാത്ത ഭാഗത്ത് ഉടനെ ടെണ്ടർ വെച്ച് വർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly